## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് :- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി – വയനാട് ജില്ലയിലെ നീർത്തട വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കാത്ത ഗ്രാമപഞ്ചായത്തുകളിലെ ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ തൊഴിലുറപ്പ് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ)നം.361/13/തസ്വഭവ                                        തിരുവനന്തപുരം, തീയതി, 8.02.2013

---

പരാമർശം:- 1. 4/10/12 ലെ സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ 20-ാം മത്തെ യോഗ തീരുമാനം
2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17/12/12 ലെ 3493/EGS2/10/CRD നമ്പർ കത്ത്

### ഉത്തരവ്

**വയനാട് ജില്ലയിലെ നീർത്തട വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ സാധിക്കാത്ത ഗ്രാമപഞ്ചായത്തുകളിൽ 31/8/12 വരെയുള്ള കാലയളവിൽ ചെറുകിട നാമമാത്ര കർഷകരുടെ സ്വകാര്യഭൂമിയിൽ അനുവദീയമായ പ്രവൃത്തികൾ ഏറ്റെടുക്കുവാൻ അനുമതി നൽകിയ മിഷൻ ഡയറക്ടറുടെ നടപടി സാധൂകരിക്കണമെന്ന് പരാമർശം (1) ലെ തീരുമാനപ്രകാരം പരാമർശം (2) ൽ മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.**

**സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലയിലെ നീർത്തടവികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ സാധിക്കാത്ത ഗ്രാമ പഞ്ചായത്തുകളിൽ 31/8/12 വരെയുള്ള കാലയളവിൽ ചെറുകിട നാമമാത്ര കർഷകരുടെ സ്വകാര്യ ഭൂമിയിൽ അനുവദനീയമായ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് അനുമതി നൽകിയ മിഷൻ ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.**

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജി. ശിവപ്രസാദ്,
അഡീഷണൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം
3. ജില്ലാകളക്ടർ, വയനാട്
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
6. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ